**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *84 **30.06.2016-**ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ. എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ ഗവൺമെന്റ് പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം 114 കോളനികളെയും 2013-14 സാമ്പത്തിക വർഷം 102 കോളനികളെയും തെരഞ്ഞെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | 1. കോളനിക്കുള്ളിലെ റോഡ് / നടപ്പാത<br>2. കുടിവെള്ളം<br>3. വൈദ്യുതീകരണം<br>4. വീട് പുനരുദ്ധാരണം<br>5. കമ്മ്യൂണിറ്റി ഹാൾ / കളിസ്ഥലം<br>6. ഡ്രെയിനേജ്<br>7. മാലിന്യ സംസ്കരണം<br>8. ബയോഗ്യാസ് പ്ലാന്റ്<br>9. വരുമാനദായക പദ്ധതികൾ<br>10. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ<br>11. സോളാർ തെരുവ് വിളക്ക്<br>12. റീറ്റെയിനിംഗ് വാൾ<br>13. അടുക്കളത്തോട്ടം<br>14. ശുചീകരണ പ്രവർത്തനം<br>15. ആശയവിനിമയ സൗകര്യം<br>തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (സി) | 2012-13 സാമ്പത്തിക വർഷം 114 കോളനികൾ തെരഞ്ഞെടുത്തുവെങ്കിലും ഒരു കോളനിയിൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഇപ്പോൾ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 വർഷം 102 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആകെ 216 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ/ എം.പി (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി പ്രമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിൽ എന്തല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത് ; വിശദമാക്കുമോ? | (ഡി) | ടി പദ്ധതി പ്രകാരം 216 കോളനികളിൽ ഓരോ കോളനിയുടെയും ആവശ്യമനുസരിച്ച് കുടിവെള്ള വിതരണം, വൈദ്യുതി, ഭവന പുനരുദ്ധാരണം, റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ ഇതിൽ 32 കോളനികളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് കോളനികളിൽ പല കാരണങ്ങളാൽ പ്രവൃത്തി ഫലപ്രദമായി തുടരാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ